**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സർവേ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള വില്ലേജുകളിൽ ഡിജിറ്റൽ സർവേ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കാമോ; | (എ) | 13/01/2025 ലെ സ. ഉ. (കൈ)നം. 7/2025/റവ ഉത്തരവി ന്റെ അടിസ്ഥാനത്തിൽ, 1961 ലെ കേരള സർവെ ആന്റ് ബൗണ്ടറീസ് ആക്ടിലെ സെക്ഷൻ 13 പ്രകാരം രേഖകൾ വിജ്ഞാപനം ചെയ്തിട്ടുള്ള ഡിജിറ്റൽ സർവെ ചെയ്ത വില്ലേജുകളിലെ എല്ലാ ഭൂപ്രദേശങ്ങൾക്കും ഭൂനികുതി പിരിക്കുന്നത്, 'എന്റെ ഭൂമി' പോർട്ടൽ" (ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം - ILIMS) വഴി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ ഒറ്റത്തവണ പരിശോധന (OTV) പൂർത്തിയാക്കിയ ശേഷം, ഡിജിറ്റൽ സർവെ ചെയ്ത വില്ലേജ് രേഖകൾ (ഡിജിറ്റൽ - ബേസിക് ടാക്സ് രജിസ്റ്റർ (d-BTR) ) വിസ്തീർണ്ണ പ്രകാരമായിരിക്കും. |
| (ബി) | നോട്ടിഫൈ ചെയ്ത വില്ലേജുകളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന സർക്കാർ /സ്വകാര്യ ഭൂമിയുമായി തർക്കമുള്ള കേസുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | 13/01/2025 ലെ സ. ഉ. (കൈ)നം. 7/2025/റവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, നോട്ടിഫൈ ചെയ്ത വില്ലേജുകളുടെ സമീപത്തായി സ്ഥിതി ചെയ്യുന്ന സർക്കാർ ഭൂമിയുമായി തർക്കമുള്ള കേസുകൾ d-LRM വഴിയാണ് പരിഹരിക്കുന്നത്. ഇത്തരം കേസുകളിൽ d-LRM പരാതി സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വില്ലേജ് ഓഫീസറാണ്. തർക്കമുള്ള സ്വകാര്യ ഭൂമി ഉടമസ്ഥന് LRM പരാതി നൽകാവുന്നതാണ്. |
| (സി) | നോട്ടിഫൈ ചെയ്ത വില്ലേജുകളിൽ ഡിജിറ്റൽ സർവേയിൽ കണ്ടെത്തുന്ന അധിക ഭൂമിക്കുള്ള കരം ഒടുക്കുന്നതിൽ ഉടമസ്ഥർക്ക് നിർദേശം നല്കിയിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | കേരള സംസ്ഥാനത്ത് ഡിജിറ്റൽ സർവെ വഴി ഭൂരേഖകൾ ആധികാരികമാക്കുമ്പോൾ, വ്യക്തികളുടെ കൈവശത്തിലും അനുഭവത്തിലും ഉള്ള അധികഭൂമിയ്ക്ക്, അവ തർക്കരഹിതമായും സർക്കാർ ഭൂമി സംരക്ഷിച്ച കൊണ്ടും നിയമപരമായും വ്യവഹാരരഹിതമായും കൈവശം വച്ചിട്ടുള്ളതാണെങ്കിൽ, അങ്ങനെയുള്ള അധിക ഭൂമി ഉടമസ്ഥതയുള്ള ഭൂമിയോട് കൂട്ടിച്ചേർത്ത് നികുതി ഒടുക്കി നൽകുന്നതിന് അനുമതി നൽകി കൊണ്ട് 13/01/2025 തീയതിൽ GO (Ms)No. 7/2025/RD നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ